# Deepika

## 18 July 2018

## Kochi, Rain Subsided



# മഴയ്ക്കു ശക്തി കുറഞ്ഞു; കുറയാതെ ദു

**കൊച്ചി:** നാലു ദിവസമായി തുടരുന്ന മഴയ്ക്ക് ഇന്നലെ ശമനമുണ്ടായെങ്കിലും ജനങ്ങളുടെ ദുരിതം കുറയുന്നില്ല. ഇന്നലെ പകൽ ഭൂരിഭാഗം സമയവും മഴ ഒഴിഞ്ഞു നിന്നതോടെ കഴിഞ്ഞ ദിവസം രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെട്ട പലയിടങ്ങളിലും വെള്ളം ഇറങ്ങി തുടങ്ങി. എങ്കിലും ഇടയ്ക്കിടെ എത്തുന്ന കനത്ത മഴയും കാറ്റും ഭീഷണിയാകുന്നുണ്ട്.

ഇന്നലെ മാത്രം ജില്ലയിൽ 23 പുതിയ ക്യാമ്പുകൾ കൂടി തുറന്നു. വിവിധ താലൂക്കുകളിലായി 54 ക്യാമ്പുകളിലായി 4681 പേരാണ് ഉള്ളത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ ട്രാക്കിൽ രൂപപ്പെട്ട വെള്ളക്കെട്ട് താഴ്ന്നു. അതേസമയം കഴിഞ്ഞ ദിവസം തകരാറിലായ സിഗ്നൽ സംവിധാനം ഇന്നലെയും പുനഃസ്ഥാപിക്കാനായില്ല. ചോറ്റാനിക്കര കുഴിയേറ്റ് മഹാദേവ ക്ഷേത്രത്തിലെ വലിയ ആൽമരം കടപുഴകി ക്ഷേത്രമതിലും വൈദ്യുതി പോസ്റ്റുകളും തകർന്നു.

കഴിഞ്ഞ ദിവസം കയറിയ വെള്ളം വീടുകളിൽനിന്നു പൂർണമായും ഇറങ്ങാത്തത് ജനങ്ങളെ ബുദ്ധിമുട്ടിലാക്കി. തൃപ്പൂണിത്തുറ കരിങ്ങാച്ചിറ ജംഗ്ഷനിലും എറണാകുളം-വൈക്കം റൂട്ടിലും വെള്ളം കയറിയ നിലയിലാണ്. ചോറ്റാനിക്കര, കുഴിയറ, കുമ്പപ്പിള്ളി, എരൂർ, പുതിയകാവ്, ഉദയംപേരൂർ, എസ്എംവി കോളനി എന്നിവടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്.

മൂവാറ്റുപുഴയാറിലെ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് ആയിരത്തോളം കുടുംബങ്ങളാണ് സ്വന്തം വീട് ഉപേക്ഷിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റും അഭയം പ്രാപിച്ചിരിക്കുന്നത്. പെരിയാറിൽ കഴിഞ്ഞ ദിവസത്തേതിലും ഒരടിയോളം വെള്ളം കുറഞ്ഞിട്ടുണ്ട്. ശിവരാത്രി മണപ്പുറത്തെ വൈദ്യുതി പോസ്റ്റുകളിൽ ഭൂരിഭാഗവും ഒഴുകിപ്പോയി. ഇന്നലെയും നൂറുകണക്കിന് ആളുകളാണ് ആലുവ മണപ്പുറം ശിവക്ഷേത്രത്തിൽ ആരാധനയ്ക്കായി എത്തിയത്. ക്ഷേത്രത്തിലെ ശിവലിംഗം വെള്ളമിറങ്ങി തെളിയാത്തതിനാൽ ആറാട്ട് സദ്യയൊരു

...ക്കാൻ സാധിച്ചില്ല. കിഴക്കമ്പലം പുത്തൻപള്ളി പാലക്കാപറമ്പിൽ രാജുവിന്റെ വീട് മരം മറിഞ്ഞ് വീണ് തകർന്നു. ആമ്പല്ലൂർ പഞ്ചായത്ത് പതിനഞ്ചാം വാർഡിലെ തുകലൻ റോഡ് കനത്ത മഴയിൽ തകർന്നു. കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ തിരുവാങ്കുളത്തിനു സമീപം മാമലയിൽ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു. വലിയ വാഹനങ്ങൾ മാത്രമാണ് ഇതു വഴി കടന്നുപോകുന്നത്. പെരുമ്പടപ്പ്, ഇടക്കൊച്ചി സെമിനാരി റോഡ്, കണ്ണങ്ങാട് പ്രദേശങ്ങളിൽ ഇപ്പോഴും വെള്ളക്കെട്ട് തുടരുകയാണ്.

ചെല്ലാനത്ത് കടൽക്ഷോഭം രൂക്ഷമായി തുടരുന്നു. കരയിലേക്ക് കടൽ വെള്ളം കയറുന്നുണ്ട്. തീരദേശങ്ങളിലെ വീടുകളും റോഡുകളും വെള്ളത്തിൽ മുങ്ങിയ അവസ്ഥയിലാണ്. തീരദേശത്ത് താമസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. അരൂർ

ചെല്ലാനം വേളാങ്കണ്ണി പ്രദേശത്ത് രൂ... കടൽഭിത്തി തകർന്നനിലയിൽ.